**നമ്പർ: 101/2017**

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളി കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
2017 മാർച്ച് മാസം 1-ാം തീയതി കോട്ടയം എം. ഡി. സെമിനാരിയിലുള്ള മാർ ഏലിയാ കത്തീഡ്രലിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം 2017 - 2022 കാലയളവിലേക്കുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും, സഭാ വൈദിക ട്രസ്റ്റിയായി മഠത്തിൽ ഡോ. എം. ഒ. ജോൺ കത്തനാരെയും, അത്മായ ട്രസ്റ്റിയായി എമ്പാശ്ശേരിൽ ശ്രീ. ജോർജ്ജ് പോളിനെയും ഭരണഘടനാനുസൃതം തെരഞ്ഞെടുക്കുകയുണ്ടായി. അവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നതോടൊപ്പം ദൈവാശ്രയത്തോടും സഭാ ഭരണഘടനയ്ക്കു വിധേയമായും പ. സഭയുടെയും ദൈവരാജ്യത്തിന്റെയും കെട്ടുപണിക്കുവേണ്ടി പ്രവർത്തിക്കുവാൻ ദൈവം തമ്പുരാൻ അവരെ ശക്തീകരിക്കുകയും സഹായിക്കുകയും ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. സഭാ ഭരണഘടനപ്രകാരം തെരഞ്ഞെടുക്കപ്പെട്ട് രണ്ട് ടേമുകളിലായി കഴിഞ്ഞ പത്ത് വർഷക്കാലം സഭാ വൈദിക ട്രസ്റ്റിയായി സേവനമനുഷ്ഠിച്ച നമ്മുടെ വാത്സല്യവാൻ കോനാട്ട് ഡോ. ജോൺസ് ഏബ്രഹാം കത്തനാർ, അത്മായ ട്രസ്റ്റിയായി സേവനമനുഷ്ഠിച്ച നമ്മുടെ വാത്സല്യവാൻ ശ്രീ. എം. ജി. ജോർജ്ജ് മുത്തൂറ്റ് എന്നിവരോടും കഴിഞ്ഞ അഞ്ചുവർഷക്കാലയളവ് പൂർത്തിയാക്കിയ സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളോടുമുള്ള നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. പ. സഭയ്ക്കുവേണ്ടിയുള്ള അവരുടെ അദ്ധ്വാനങ്ങൾക്ക് ദൈവം തമ്പുരാൻ സമൃദ്ധിയായി അനുഗ്രഹങ്ങൾ ചൊരിയട്ടെ.

2017 ഏപ്രിൽ മാസം മാസം 4 -ാം തിയതി നമ്മുടെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗം അസ്സോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മുരിങ്ങശ്ശേരിൽ അഡ്വ. ബിജു ഉമ്മനെ തെരഞ്ഞെടുത്തു. പ്രസ്തുത തെരഞ്ഞെടുപ്പ് മലങ്കര സഭാ ഭരണഘടന 75-ാം വകുപ്പ് പ്രകാരം നാം അംഗീകരിക്കുകയും നമ്മുടെ 2017 ഏപ്രിൽ മാസം 4-ാം തിയതിയിലെ 60/2017 -ാം നമ്പർ കൽപന പ്രകാരം അദ്ദേഹത്തെ നിയമിക്കുകയും ചെയ്തകാര്യം ഈ കൽപന മുഖാന്തിരം നാം അറിയിക്കുന്നു. ഭരണഘടനാനുസൃതം തെരഞ്ഞെടുക്കപ്പെട്ട് രണ്ട് ടേമുകളിലായി കഴിഞ്ഞ പത്ത് വർഷക്കാലം അസ്സോസിയേഷൻ സെക്രട്ടറിയായി കാര്യക്ഷമതയോടെ പ്രവർത്തിച്ച നമ്മുടെ വാത്സല്യവാൻ വയലിറക്കത്ത് ഡോ. ജോർജ്ജ് ജോസഫിനോടുള്ള നമ്മുടെ സ്നേഹവും നന്ദിയും നാം അറിയിക്കുന്നു. അസ്സോസിയേഷൻ സെക്രട്ടറിയായി പുതുതായി സ്ഥാനമേറ്റ അഡ്വ. ബിജു ഉമ്മന് എല്ലാ അനുമോദനങ്ങളും ഭാവുകങ്ങളും നാം നേരുന്നു. പ്രവർത്തന പന്ഥാവിൽ അദ്ദേഹത്തിന് ആവശ്യമായ ശക്തിയും കഴിവും സർവ്വശക്തനായ ദൈവം ചൊരിഞ്ഞു കൊടുക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർതോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ഏപ്രിൽ മാസം 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.